**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കോവിഡ് 19 - കോവിഡ് പ്രതിരോധത്തിനായി എൻ.എച്ച്.എം. ന്റെ കീഴിൽ നിയമിക്കപ്പെടുന്നവർക്ക് കോവിഡ് ബ്രിഗേഡ് പാക്കേജ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ(എഫ്)വകുപ്പ്**

**സ.ഉ.(എം.എസ്)നം.112/2020/ആകുവ** തീയതി. തിരുവനന്തപുരം, 07/08/2020

പരാമർശം:- സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 27.07.2020 ലെ NHM/443 /CON(ADMN)/ 2020 നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

ലോകാരോഗ്യ സംഘടന കോവിഡ് 19 നെ ഒരു മഹാമാരിയായി പ്രഖ്യാപിക്കുകയും എല്ലാ വിഭവങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തി വ്യാപനം നിയന്ത്രിക്കാൻ ലോകം ശ്രമിക്കുകയും ചെയ്യുന്നു. കുറഞ്ഞ രോഗാവസ്ഥ, കുറഞ്ഞ മരണനിരക്ക്, കമ്മ്യൂണിറ്റി വ്യാപനം ഉണ്ടാകാതിരിക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള സംസ്ഥാനം രോഗത്തിനെതിരായ നിരീക്ഷണവും നിയന്ത്രണ നടപടികളും ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് കേസുകളുടെ എണ്ണം കൂടാനുള്ള സാധ്യത കണക്കിലെടുത്ത്, രോഗികൾക്ക് മികച്ച പരിചരണം നൽകുന്നതിന് ലഭ്യമായ എല്ലാ വിഭവങ്ങളും സമാഹരിക്കേണ്ടതുണ്ട്. ആയതിന് എൻ.എച്ച്.എം. മുഖേന കോവിഡ് പ്രതിരോധത്തിനായി നിയോഗിക്കപ്പെടുന്ന ജീവനക്കാരെ ഒരു കോവിഡ് ബ്രിഗേഡ് ആയി കണക്കാക്കുന്നതിനും അതിലേക്കായി കോവിഡ് ബ്രിഗേഡ് പാക്കേജ് നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശം എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമർപ്പിച്ചു.

2. രാജ്യത്ത് ആദ്യത്തെ കേസ് 2020 ജനുവരി മാസത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതു മുതൽ ആരോഗ്യമേഖലയിലെ ജീവനക്കാർ ഈ മഹാമാരി നിയന്ത്രണവിധേയമാക്കുന്നതിന് അശ്രാന്തമായ പരിശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. എൻ.എച്ച്.എം വഴി ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർ പരിമിതമായ ശമ്പളത്തിനും ആനുകൂല്യങ്ങൾക്കും ഉള്ളിൽ നിന്നുകൊണ്ട് യാതൊരു പരാതിയും കൂടാതെ പ്രവർത്തിച്ചു വരികയാണ്. അവരുടെ ആത്മാർത്ഥവും പ്രതിജ്ഞാബദ്ധവുമായ പ്രവൃത്തികളെ ഉടനീളം അഭിനന്ദിക്കുന്നതിനും

പ്രചോദിപ്പിക്കുന്നതിനുമായി കോവിഡ് പ്രതിരോധത്തിനായി എൻ.എച്ച്.എം. ന്റെ കീഴിൽ കരാർ ദിവസ വേതന അടിസ്ഥാനത്തിലും കൂടാതെ താത്കാലികമായി നിയമിക്കപ്പെടുന്നവർക്കും അധിക ഇൻസെന്റീവും റിസ്ക് അലവൻസും അനുവദിക്കുന്നതിനും കോവിഡ് ഹെൽത്ത് പോളിസി പാക്കേജുകൾ അനുവദിക്കുന്നതിനുമുള്ള പരാമർശ പ്രകാരമുള്ള ശുപാർശ പരിഗണിച്ച് ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

3. കോവിഡ് പ്രതിരോധത്തിനായി എൻ.എച്ച്.എം. ന്റെ കീഴിൽ കരാർ ദിവസ വേതന അടിസ്ഥാനത്തിലും കൂടാതെ താത്കാലികമായി നിയമിക്കപ്പെടുന്നവർക്കും താഴെ പറയും പ്രകാരം 22.68 കോടി രൂപയുടെ അധിക ഇൻസെന്റീവും റിസ്ക് അലവൻസും അനുവദിച്ച് ഉത്തരവാകുന്നു.

| **നിയമന വിവരം** | **കാറ്റഗറി** | **നിലവിലെ അടിസ്ഥാന വേതനം** | **എൻ. എച്ച്.എം നൽകുന്ന മാസ വേതനം** | **അംഗീകരിച്ച വേതനവും റിസ്ക് അലവൻസും** | **ഒരു മാസത്തെ അധിക ബാധ്യത (രൂപയിൽ)** |
|---|---|---|---|---|---|
| എൻ. എച്ച്.എം | ഗ്രേഡ് 1 | നാല്പതിനായിരവും അതിനു മുകളിലും വേതനം ലഭിക്കുന്നവർ | 5.23 കോടി | അൻപതിനായിരവും 20 ശതമാനം റിസ്ക് അലവൻസും | 1.31 കോടി |
| എൻ. എച്ച്.എം | ഗ്രേഡ് 2 | ഇരുപതിനായിരം മുതൽ നാല്പതിനായിരം വരെ | 10.07 കോടി | 20 ശതമാനം റിസ്ക് അലവൻസ് | 2.02 കോടി |
| എൻ. എച്ച്.എം | ഗ്രേഡ് 3 | പതിമൂവായിരത്തി അഞ്ഞൂറു മുതൽ ഇരുപതിനായിരം വരെ വേതനം | 8.85 കോടി | 20,000 വും 25 ശതമാനം റിസ്ക് അലവൻസും | 3.35 കോടി |
| എൻ. എച്ച്.എം | ഗ്രേഡ് 4 | പതിമൂവായിരത്തി അഞ്ഞൂറു രൂപയിൽ താഴെ വേതനം | 0.11 കോടി | സർക്കാർ ഉത്തരവ് പ്രകാരമുള്ള ദിവസ വേതനവും 30 | 0.04 കോടി |

| | | | | | |
|---|---|---|---|---|---|
| | | ലഭിക്കുന്നവർക്ക് | | ശതമാനം റിസ്ക് അലവൻസും | |
| എൻ. എച്ച്.എം. കോവിഡ് സ്പെഷ്യൽ ജീവനക്കാർ | ഗ്രേഡ് 1 | നാൽപതിനായിരവും അതിനു മുകളിലും വേതനം ലഭിക്കുന്നവർ | 6.87 കോടി | അൻപതിനായിരവും, 20 ശതമാനം റിസ്ക് അലവൻസും | 2.87 കോടി |
| എൻ. എച്ച്.എം കോവിഡ് സ്പെഷ്യൽ ജീവനക്കാർ | ഗ്രേഡ് 2 | ഇരുപതിനായിരം മുതൽ നാൽപതിനായിരം വരെ | 0.44 കോടി | 20 ശതമാനം റിസ്ക് അലവൻസ് | 0.08 കോടി |
| എൻ. എച്ച്.എം കോവിഡ് സ്പെഷ്യൽ ജീവനക്കാർ | ഗ്രേഡ് 3 | പതിമൂവായിരത്തി അഞ്ഞൂറു മുതൽ ഇരുപതിനായിരം വരെ വേതനം | 13.70 കോടി | 20,000 വും 25 ശതമാനം റിസ്ക് അലവൻസും | 8.84 കോടി |
| എൻ. എച്ച്.എം കോവിഡ് സ്പെഷ്യൽ ജീവനക്കാർ | ഗ്രേഡ് 4 | പതിമൂവായിരത്തി അഞ്ഞൂറു രൂപയിൽ താഴെ വേതനം ലഭിക്കുന്നവർക്ക് | 4.60 കോടി | സർക്കാർ ഉത്തരവ് പ്രകാരമുള്ള ദിവസ വേതനവും 30 ശതമാനം റിസ്ക് അലവൻസും | 4.17 കോടി |
| ആകെ അധിക മാസ ബാധ്യത (എൻ.എച്ച്.എം.+എൻ.എച്ച്.എം കോവിഡ് സ്പെഷ്യൽ) | | | | | 22.68 കോടി |

4. കോവിഡ് പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി അധിക സ്റ്റാഫിന്റെ ആവശ്യകത ഉള്ളപക്ഷം ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള ഇൻസെന്റീവും, റിസ്ക് അലവൻസും പുതുതായി നിയമിക്കപ്പെടുന്ന എല്ലാ ജീവനക്കാർക്കും അനുവദിക്കേണ്ടതാണ്.

5. താഴെ വിവരിക്കും പ്രകാരമുള്ള വിവിധ തരം രോഗങ്ങൾക്കുള്ള കോവിഡ് ഹെൽത്ത് പോളിസി പാക്കേജുകൾ കോവിഡിനെതിരായ പോരാട്ടത്തിൽ സർക്കാരിനോടൊപ്പം

പങ്കെടുക്കുന്ന കെ.എ.എസ്.പി സ്കീമിന്റെ പരിധിയിൽ വരാത്ത ജീവനക്കാർക്ക് കൂടി ഏർപ്പെടുത്തിയും അവരുടെ ചികിത്സ കെ.എ.എസ്.പി സ്കീമിൽ നിലവിലുള്ള സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ അനുവദിച്ചും ഉത്തരവാകുന്നു.

1. *Acute Febrile Illness for COVID 19 Treatment*
2. *Pyrexia of Unknown Origin for COVID 19 Treatment*
3. *Pneumonia for COVID 19 Treatment*
4. *Severe Pneumonia for COVID 19 Treatment*
5. *Respiratory failure due to any cause for COVID 19 Treatment*
6. *Type 1 / 2 Respiratory failure for COVID 19 Treatment*

മുകളിലുള്ള പാക്കേജുകളുടെ പ്രവേശനത്തിന്, ഇനിപ്പറയുന്ന നിരക്കുകൾ ബാധകമാണ് (രൂപ / ദിവസം)

പിപിഇകൾക്കും ഐസൊലേഷനും - 1000 രൂപ/- യൂണിറ്റ്
(1000 ന്റെ ഗുണിതങ്ങൾ - ഒരു കേസിന് പരമാവധി ഒരു ലക്ഷം രൂപ)
ജനറൽ വാർഡ് - 2300/- രൂപ
എച്ച്.ഡി.യു - 3300/- രൂപ
വെന്റിലേറ്റർ ഇല്ലാത്ത ഐസിയു - 6500/-രൂപ
വെന്റിലേറ്ററുള്ള ഐസിയു - 11,500/-രൂപ

6. അതോടൊപ്പം ആത്മാർത്ഥവും പ്രതിജ്ഞാബദ്ധവുമായ പ്രവൃത്തികളെ അഭിനന്ദിക്കുന്നതിനായി കോവിഡ് ബ്രിഗേഡിലെ എല്ലാ അംഗങ്ങൾക്കും ബഹു.മുഖ്യമന്ത്രിയുടെ അഭിനന്ദന സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും ഉത്തരവാകുന്നു.

7. കോവിഡ് ഡ്യൂട്ടിക്കായി എൻ.എച്ച്.എം. നിയമിക്കുന്ന അധിക സ്റ്റാഫിൽ ഉൾപ്പെട്ട സെക്യൂരിറ്റിയെ നിയമിക്കുമ്പോൾ പ്രൈവറ്റ് സെക്യൂരിറ്റിയ്ക്ക് പകരം ഹോം ഗാർഡുകളെ നിയമിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ. രാജൻ എൻ ഖോബ്രഗഡെ,**
**പ്രിൻസിപ്പൽ സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം., തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(അഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുഭരണ(എസ്.സി)വകുപ്പ്
ധനകാര്യ വകുപ്പ്
ആരോഗ്യവും കുടുംബക്ഷേമവും(എഫ്.ഡബ്ല്യു)വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ